45. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
46. ,, എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, പി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, പി. സി. തോമസ് (കടത്തുരുത്തി)
51. ,, ആർ. എസ്. ഉണ്ണി
52. ,, ജി. വരദൻ

അനുകൂലിക്കുന്നവർ—73

പ്രതികൂലിക്കുന്നവർ—52

നിഷ്പക്ഷത പാലിച്ചവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം നാലു മണിക്ക് സമ്മേളിക്കുന്നതിന്നായി സഭ ഉച്ചയ്ക്കുശേഷം 2.48-ന് പിരിഞ്ഞു).

(വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ വീണ്ടും സമ്മേളിക്കുകയുണ്ടായി)

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും കൂറുമാറിയ അംഗങ്ങളുടെമേലുള്ള നടപടി

ശ്രീ. ഇ. കെ. നായനാർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞങ്ങളുടെ പാർട്ടി ടിക്കറ്റിൽ നിന്ന് മൽസരിച്ച് ഈ നിയമസഭയിൽ വന്ന മൂന്നുപേർ (ശ്രീ. സി. കെ. ചക്രപാണി, ശ്രീ. സി. പി. മൂസാൻകുട്ടി, ശ്രീ. സി. വാസുദേവമേനോൻ എന്നിവർ) കൂറുമാറി മറ്റൊരു പാർട്ടിയിൽ ചേരുകയും പാർട്ടി വിപ്പ് ലംഘിക്കുകയും ചെയ്തതിനാൽ അവർക്ക് നിയമസഭാംഗമായി തുടരുന്നതിൽ അയോഗ്യത കൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നവംബർ 28-ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു അപേക്ഷ തന്നിരുന്നു. ഭരണഘടനാ വ്യവസ്ഥകളും കൂറുമാറ്റ നിരോധന ചട്ടങ്ങളുമനുസരിച്ചാണ് ഈ അപേക്ഷ തന്നത്. ഡിസംബർ 22-ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ വീണ്ടും ഈ കാര്യം ഓർമ്മിപ്പിച്ചു. ഇതുവരെ ഈ കാര്യത്തിൽ യാതൊരു തീരുമാനവുമെടുത്തിട്ടില്ലെന്നറിയുന്നു. കൂറുമാറ്റക്കാരെ, അയോഗ്യരായുള്ളവരെ സഭാനടപടികളിൽ പങ്കെടുപ്പിക്കാൻ പാടില്ലെന്നുള്ള കാര്യം എന്തുകൊണ്ട് വ്യക്തമായി നിർദ്ദേശിച്ചില്ല? ഇതിന്റെ കാരണം വ്യക്തമാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ റൂൾസിൽ തന്നെ പറയുന്നത്. "Where such a Member belongs to any legislature Party with such petition has not been made by the Leader thereof; also to such a leader and such member or leader shall within seven days of the receipt of such copies or within such further

LIBRARY ARCHIVES Kerala Legislative Assembly

period of the Speaker may for sufficient cause allowed forward his comments and writing thereon to the Speaker''. ബഹുമാനപ്പെട്ട സ്പീക്കറാണ് ഇതിൽ പരമാധികാരി. അപ്പോഴും സ്പീക്കർക്ക്. ഈ കാര്യത്തെ സംബന്ധിച്ച് തീരുമാനമെടുക്കാം. അവരെ സഭാനടപടികളിൽ പങ്കെടുപ്പിക്കാൻ പാടില്ലെന്ന് റൂൾസ് അനുസരിച്ച് ഞാൻ അഭ്യർത്ഥിച്ചിരുന്നു. അത് എന്തുകൊണ്ടാണ് വ്യക്തമാക്കാത്തതെന്ന് മനസ്സിലായില്ല. തീർച്ചയായിട്ടും ആ കാര്യം ഒന്ന് വ്യക്തമാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നം ചെയർ പരിശോധിച്ചു വരുകയാണ്. ഇതിന്റെ ഭരണഘടനാവ്യവസ്ഥയും കൂറുമാറ്റ നിരോധനചട്ടങ്ങളും അനുസരിച്ച് പല നടപടികളും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഒരംഗത്തെ ഡിസ്ക്വാളിഫൈ ചെയ്യണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടും ഇതിൽ അന്തിമമായ തീരുമാനം സ്പീക്കറുടേത് മാത്രമായതുകൊണ്ടും, എടുക്കുന്ന തീരുമാനങ്ങൾ അങ്ങേയറ്റം അവധാനതയോടെ എല്ലാ വശങ്ങളെയും സമഗ്രമായി പരിശോധിച്ചു വേണം എന്നുള്ളതുകൊണ്ടും ആ രീതിയിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാസമയം അതുസംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതായിരിക്കും.

നിയമനിർമ്മാണ കാര്യം—(തുടർച്ച)

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, തൊഴിലാളികളുടെ പൊതുവായ ക്ഷേമനടപടികൾക്കുവേണ്ടിയുള്ള ഒരു നിയമമാണിത്. അവരുടെ പൊതുവായ Games and sports, Vocational Training, Community necessities, Entertainment and other forms of recreation, Convalescent homes, Holiday homes, Part-time employment, Pre-school Higher Education ഇങ്ങനെയുള്ള വിവിധ വിഷയങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഒരു ബോർഡുണ്ടാക്കുന്നതിനുവേണ്ടിയാണിത്. ഇതനുസരിച്ച് ഹയർ എഡ്യുക്കേഷന് സഹായം ചെയ്യുന്നുണ്ട്. ആരെങ്കിലും മരിച്ചാൽ അവരുടെ ആശ്രിതർക്ക് ഈ ബോർഡിൽനിന്ന് സഹായം നൽകുന്നുണ്ട്. വിദ്യാഭ്യാസങ്ങിന്റെ എല്ലാ മേഖലയിലും സഹായം കൊടുക്കുന്നുണ്ട്. ഐ. ആർ. ഐ. തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം കൊടുക്കുന്നുണ്ട്. പേക്കടി മുതലായ സ്ഥലത്ത് ഹോളിഡേ ഹോംസ് കെട്ടി തൊഴിലാളികൾക്ക് അവിടെ ടൂർ പോകുന്നതിനും, വിനോദത്തിനും വിശ്രമത്തിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly